exam WiNNER®

A

# സമഗ്രശിക്ഷാ, കേരളം

805

**രണ്ടാം പാദവാർഷിക മൂല്യനിർണയം 2023 - 24**

## സാമൂഹ്യശാസ്ത്രം

ക്ലാസ് : VIII

സമയം : $1^1/_2$ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

* ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
* ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
* ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(5 x 2 = 10)**

1. ചുവടെ നൽകിയിരിക്കുന്ന ഭൂസവിശേഷതകൾ ഭൂപടങ്ങളിൽ സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത നിറങ്ങൾ ഏതെല്ലാം?

   എ) നൈസർഗിക സസ്യജാലങ്ങൾ

   ബി) ജലാശയങ്ങൾ

2. മണ്ണിന്റെ ശോഷണത്തിന് കാരണമാകുന്ന ഏതെങ്കിലും രണ്ട് മനുഷ്യപ്രവർത്തനങ്ങൾ എഴുതുക.

3. ഋഗ്വേദകാലത്തെ സമൂഹവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.

   **ഋഗ്വേദകാലത്തെ സമൂഹം**

   ................................ | സേനാനികൾ | ................................

4. ആഗോളതാപനം ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായി മാറുന്നത് എങ്ങനെ?

5. പ്രാചീന തമിഴകത്തിന്റെ ചരിത്രം മനസ്സിലാക്കുന്നതിനുള്ള സ്രോതസ്സുകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(4 x 3 = 12)**

6. ഈജിപ്ഷ്യൻ ജനതയുടെ ശാസ്ത്രരംഗത്തെ നേട്ടങ്ങൾ വിലയിരുത്തുക.

7. ഗുപ്തകാലഘട്ടത്തിലെ സാഹിത്യരംഗവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| രചയിതാക്കൾ | കൃതികൾ |
|---|---|
| എ)........................ | അഭിജ്ഞാനശാകുന്തളം |
| അമരസിംഹൻ | ബി) ........................ |
| സി)........................ | മുദ്രാരാക്ഷസം |

8. ലെസേഫെയർ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര്? ലെസേഫെയർ സിദ്ധാന്തം വ്യക്തമാക്കുക.

9. സപ്തസൈന്ധവ പ്രദേശത്തുനിന്ന് ഗംഗാസമതലത്തിലെത്തിയപ്പോൾ ആര്യന്മാരുടെ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

10. പ്രാചീനതമിഴകത്തെ വാണിജ്യത്തിൽ ഉമണർ വഹിച്ച പങ്ക് എന്തായിരുന്നു?

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(2 x 4 = 8)**

11. ഇന്ത്യൻ സംസ്കാരത്തിന് ബുദ്ധമതം നൽകിയ സംഭാവനകൾ എന്തെല്ലാം?

12. 'എ' കോളത്തിന് യോജിച്ചവ 'ബി' കോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക.

| എ | ബി |
|---|---|
| ഗാന്ധിജി | അർത്ഥശാസ്ത്രം |
| ചാണക്യൻ | വെൽത്ത് ഓഫ് നേഷൻസ് |
| ആൽഫ്രഡ് മാർഷൽ | ഹിന്ദ് സ്വരാജ് |
| ആഡം സ്മിത്ത് | സാമ്പത്തികശാസ്ത്ര തത്വങ്ങൾ |

13. ഇന്ത്യൻ രാഷ്ട്രപതിയുടെ ചുമതലകൾ എന്തെല്ലാം?

**14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.** **(2 x 5 = 10)**

14. പ്രാചീന തമിഴകത്തെ സാമൂഹിക ജീവിതം രൂപപ്പെടുത്തുന്നതിൽ തിണകൾ വഹിച്ച പങ്ക് വിശദമാക്കുക.

15. ഭൂപടങ്ങളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

എ) ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഭൂപടങ്ങളെ തരംതിരിക്കുക.

ബി) ചുവടെ നൽകിയിരിക്കുന്ന ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എഴുതുക.

i) ജ്യോതിശാസ്ത്ര ഭൂപടം

ii) രാഷ്ട്രീയ ഭൂപടം

iii) ദിനാവസ്ഥാഭൂപടം

16. മൗര്യന്മാരുടെ കേന്ദ്രീകൃത ഭരണം അവിടത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ സ്വാധീനിച്ചത് എങ്ങനെ? വിശദമാക്കുക.



exam WINNER ®